# ലെമൂറിയ (കഥ)

## സാബു ശങ്കർ

ഇതൊരു കഥയാണ്. പറഞ്ഞുകേട്ട കഥ. പറഞ്ഞതാരെന്നന്വേഷിച്ചു കുറെ നടന്നു. ജലവിതാനത്തിലേക്കെറിഞ്ഞ പരന്ന കല്ല് വെള്ളത്തിൽ തെന്നിത്തെന്നി പറക്കുന്നതുപോലെ. അങ്ങനെയാണല്ലോ ഒരു റിപ്പോർട്ടറുടെ യാത്ര!

ഞാൻ ഒടുവിൽ ചെന്നെത്തിയത് പൂവൻതുരുത്തിലാണ്. കടലിനും കായലിനും ഇടയ്ക്ക് നീണ്ടുകിടക്കുന്ന ദ്വീപ്-ദ്വീപെന്നു പറയാൻ മാത്രം വിസ്തൃതിയെന്നുമില്ല. വീതി ഏകദേശം എട്ടുപത്തു മീറ്റർ മാത്രം. മൂന്നുനാലു കിലോമീറ്ററോളം നീണ്ടു കിടക്കുന്ന പൂവൻതുരുത്തിൽ രണ്ടുനിര തെങ്ങുകൾ. എങ്ങും പച്ചപ്പുല്ല്. കള്ളിമുള്ളുകൾ. ഇടിഞ്ഞൊതുങ്ങിയ കടൽഭിത്തിക്കപ്പുറം മണൽത്തിട്ടയിൽ വള്ളങ്ങൾ. വലകൾ. വലമൂടിവെയ്ക്കാനുള്ള ചെറിയ ഓലക്കൂടു കൾ. കട്ടമരങ്ങൾ. പുരുഷന്മാർ മാത്രമേ ഈ ദ്വീപിലുള്ളു. അതിനാലാണ് പൂവൻ തുരുത്തെന്ന് പേരു വീണത്. ഏവരും മത്സ്യത്തൊഴിലാളികൾ. മീൻകച്ചവടക്കാർ. വാറ്റുചാരായവും മീൻചുട്ടതും ബീഡിയും വില്ക്കുന്നവർ. പകലും രാത്രിയുമൊക്കെ മീൻപിടുത്തമുണ്ട്. പണ്ട് പൂവൻതുരുത്തിൽ നൂറിലേറെ കുടുംബങ്ങൾ താമസിച്ചി രുന്നുവെന്ന് ശശീന്ദ്രൻ പറഞ്ഞു. ശശീന്ദ്രനും രഘുവുമാണ് എന്നെ പൂവൻ ത്തുരുത്തിലേക്കു കൊണ്ടുവന്നത്.

ശശീന്ദ്രനും രഘുവും മീൻപിടുത്തക്കാരാണ്. കട്ടമരത്തിൽ ചൂണ്ടയിടാൻ പോകുന്നവർ. കുറെനാളത്തെ അന്വേഷണത്തിനൊടുവിലാണ് ഇവരെ പരിചയപ്പെട്ടത്. കടലിന്റെ ഒഴുക്കും തിരയും ആഴവും മീൻപാടുമൊക്കെ അവർക്കറിയാം. കടലിലെ പാറയിടുക്കുകളിലെ ചെറിയ ഗുഹകളിലുള്ള ശംഖും ചിപ്പിയും മുങ്ങിയെടുക്കും. പാരുകൾ-അതായത് മീൻകൂടുകൾ-തിരിച്ചറിഞ്ഞ് ചൂണ്ടയിടും. ചൂണ്ടക്കൊളുത്തിൽ തിളങ്ങുന്ന ചുവന്ന പ്ലാസ്റ്റിക് നൂൽക്കഷണങ്ങളാണ് ഇരയായി ഉപയോഗിക്കുക. ചൂണ്ടയുടെ നീണ്ട പ്ലാസ്റ്റിക് നൂലിൽ ഇരുപതോളം കൊളുത്തുകളുണ്ടാവും. നൂറു കൊളുത്തുകളുള്ള ചൂണ്ടവരെയുണ്ട്. മിക്ക കൊളുത്തിലും മീനുകൾ കണ്ണടച്ചു വിഴുങ്ങിക്കുരുങ്ങുമെന്നാണ് ശശീന്ദ്രനും രഘുവും പറയുന്നത്. ഇരപോലു മില്ലാതെയുള്ള മീൻപിടുത്തം ! മീൻപിടുത്തക്കാരും മീനുകളും തമ്മിലുള്ള അടുപ്പം നോക്കണേ !

വെളുപ്പിനെയുള്ള കരക്കാറ്റിലും വേലിയിറക്കത്തിലുമാണ് അവർ കടലിലേക്ക് പോവുക. ഉച്ചയോടെ ആരംഭിക്കുന്ന കടൽക്കാറ്റിൽ കട്ടമരത്തിൽ പായകെട്ടി കരയിലേക്കു മടങ്ങുകയും ചെയ്യും. അവരുടെ പൂർവ്വികർ പൂവൻതുരുത്തി ലായിരുന്നു തലമുറകളായി ജീവിച്ചുപോന്നതെന്ന് രഘു പറഞ്ഞു.

ഏതാണ്ട് 200 വർഷം മുൻപ് പൂവൻ തുരുത്തിന് രണ്ടു കിലോ മീറ്ററോളം വീതിയുണ്ടായിരുന്നു. 50 വർഷം മുൻപു വരെ 200 മീറ്ററും. അപ്പോൾ വീടുകളും കുടുംബങ്ങളും തെങ്ങിൻ പറമ്പുകളും പള്ളിയും ക്ഷേത്രവും സിമിത്തേരിയും ശ്മശാനവുമൊക്കെ ഉണ്ടായിരുന്നു. രാജഭരണകാലത്താണ് കടൽഭിത്തി കെട്ടിയത്. കിഴക്കുവശത്ത് കായലിൽ തൊണ്ടുചീയിച്ച്, തല്ലി ചകിരിയാക്കി, റാട്ടു കറക്കി കയർവ്യവസായവും ഉണ്ടായിരുന്നു.

കര കടലെടുത്തു തുടങ്ങിയതോടെ കുടുംബങ്ങൾ ഒഴിഞ്ഞു പോകാൻ തുടങ്ങി. മൺസൂൺ കാലങ്ങളിൽ പൂവൻതുരുത്തിന്റെ വീതി കുറഞ്ഞു കുറഞ്ഞു വന്നു. കുറേ വർഷങ്ങളായി മൺസൂണിലാരും പൂവൻതുരുത്തിൽ പോകാറില്ല. അപ്പോഴവിടെ കടൽ കയറിയിരിക്കും. കുറച്ചു തെങ്ങുകൾ കാണാനാവുമെന്നതൊഴി ച്ചാൽ കടലും കായലും

ഒന്നുപോലെയാവും.

ദാ-അതാണ് കീവർഗ്ഗീസ് -ശശീന്ദ്രൻ ചൂണ്ടി.

കുറച്ചകലെയുള്ള പാറക്കല്ലുകൾക്കിടയിൽ കടലിനെ നോക്കിയിരി ക്കുന്നൊരാൾ ! ഗീവർഗ്ഗീസ്.

ഒരന്വേഷണത്തിന്റെ, പറഞ്ഞുകേട്ട കഥകളുടെ, അനുഭവങ്ങളുടെ, കൂട്ടിക്കിഴിക്കലുകളിൽനിന്ന് ലഭിക്കാൻ പോകുന്ന ആകെത്തുക.

സംഖ്യകളില്ലാത്തൊരു ഗണിതമാണ് ചരിത്രം പലപ്പോഴും. ചരിത്ര യാഥാർത്ഥ്യങ്ങൾ ചിലപ്പോൾ കടൽകയറിക്കിടക്കുന്നു. മറ്റു ചിലപ്പോൾ കടലിറങ്ങി കരയായി കിടക്കുന്നു. കഥകളിൽ നിന്ന്, ഊഹാപോഹങ്ങളിൽ നിന്ന്, ഭൂഗർഭശാസ്ത്രവും ഗണിതവും ചേർന്നുള്ള നിഗമനങ്ങളിൽനിന്ന്, വസ്തുതകളെ ഗ്രഹിച്ചെടുക്കുന്നു. ഒരേകദേശ രൂപം കിട്ടിയാൽ ബാക്കിയുള്ളത് പൂരിപ്പിക്കാൻ വലിയ പ്രയാസമില്ല. പൂരണത്തിൽ വലിയ പിശകുകളുണ്ടാവാനും സാധ്യതയില്ല. ചരിത്രം അങ്ങനെയാണ് വികസിക്കുന്നത്. പുതിയ അർത്ഥതലങ്ങൾ കണ്ടെത്തുന്നത്. മൺമറഞ്ഞ യാഥാർത്ഥ്യങ്ങളെ പുറത്തുകൊണ്ടുവരുന്നത്. പ്രകൃതി ഒരു ചരിത്രമെഴുത്തുകാരിയല്ല. പക്ഷേ, പ്രകൃതി ചരിത്രത്തിന്റെ ഉറവിടമാണ്. അക്ഷരങ്ങളില്ലാത്ത ഗ്രന്ഥം. കണ്ണുകൊണ്ടത് വായിക്കാനാവില്ല. അന്വേഷണത്തിനാവും.
ഗീവർഗ്ഗീസ് കടലിന്റെ അതിർത്തി അളക്കുകയാണെന്നു തോന്നി. മുഷിഞ്ഞ, പിഞ്ചിയ, ചുവന്ന നിറമുള്ള മുഴുക്കൈയൻ കമ്പിളിബനിയൻ. പഴകിയ കള്ളിമുണ്ട്. തലേലൊരു തോർത്തുകെട്ട്. ചുക്കിച്ചുളിഞ്ഞ മുഖം. കൂമ്പിയ കണ്ണുകളിൽ പാടകെട്ടിയിരിക്കുന്നു. കാഴ്ചയുണ്ടോ എന്നുതന്നെ സംശയം. എങ്കിലും എഴുപതു കഴിഞ്ഞ വൃദ്ധന്മാർ അവ്യക്തമായി പലതും ഓർക്കുന്നു ണ്ടാവണം.

വല്യപ്പോ.
രഘുവും ശശീന്ദ്രനും അങ്ങനെയാണ് ഗീവർഗ്ഗീസ്സിനെ വിളിക്കുന്നത്. ഗീവർഗ്ഗീസ് തന്റെ നോട്ടം കടലിൽ നിന്നു പിൻവലിക്കുന്ന ലക്ഷണമില്ല.അതോ വിളികേട്ടില്ലെന്നോ? രഘുവും ശശീന്ദ്രനും എന്നോട് ഗീവർഗ്ഗീസിനടുത്തുള്ള നമ്പർ സ്റ്റോണിലിരിക്കാൻ ആംഗ്യം കാണിച്ചുകൊണ്ട് കല്ലിനു മുകളിലേക്കു കയറി. കടലാക്രമണം തടയാൻ പാറമടകളിൽ നിന്ന് വെട്ടിമുറിച്ച് അക്കമിട്ട് ചങ്ങാടത്തിൽ കൊണ്ടുവന്നിട്ടതാണ് വലിയ പാറക്കല്ലുകൾ.

വല്യപ്പോ-യിതു രെകും ശശീവ്വ.
എന്നിട്ടും ഗീവർഗ്ഗീസ് കടലിൽ നിന്ന് കണ്ണെടുക്കുന്നില്ല. കടലിലപ്പോൾ ഒരു വള്ളത്തിൽ നിന്ന് വലയിടുന്നുണ്ടായിരുന്നു. കമ്പവലയുടെ ഒരറ്റം കരയിലുള്ളവർ വലിച്ചുപിടിച്ചിട്ടുണ്ട്. കരയിൽനിന്ന് ഒന്നുരണ്ടുപേർ തോർത്തുവീശി വള്ളത്തിലുള്ളവരോട് തെക്കോട്ടു നീങ്ങാൻ നിർദ്ദേശം നല്കുന്നു. വള്ളം തെക്കോട്ടു നീങ്ങുകയാണ്. കടലിൽ വലയിട്ട് വലയുടെ അറ്റത്തുള്ള വടവുമായി കരയിലെത്തിയാൽ തീരം സജീവമാവുകയായി. കടലിൽ റ ആകൃതിയിൽ വിരിച്ച വലയുടെ രണ്ടറ്റങ്ങളിലുള്ള വടങ്ങൾ കരയിൽനിന്നു വലിച്ചുതുടങ്ങുമ്പോൾ കമ്പവലപ്പാട്ടും തീരത്തുയരുന്നു.
യേദാ-യീക്കൊച്ച്? ഗീവർഗ്ഗീസ് ഒന്നു മുഖംതിരിച്ച് എന്നെ നോക്കി.
ടീവിന്നാ, ഒരു റിപ്പോർട്ടർ. ശശീന്ദ്രൻ പറഞ്ഞത് ഗീവർഗ്ഗീസിനു പിടിച്ചി ല്ലെന്നു തോന്നി. ഗീവർഗ്ഗീസ് വീണ്ടും കടലിലേക്കു നോട്ടം വിരിച്ചിട്ട് ചോദിച്ചു.
ന്നൂ-ച്ചാ?

ഇക്കുറി ഞാൻതന്നെ നേരിട്ടു പരിചയപ്പെടുത്താമെന്നു വിചാരിച്ചു. മാഞ്ഞുകിടക്കുന്ന ഓർമ്മയുടെ പവിഴപ്പുറ്റുകളിലേക്ക് ഗീവർഗ്ഗീസിനെ തിരിച്ചു കൊണ്ടുപോകണം. അങ്ങനെ ലെമൂറിയായിലെത്തണം.
നമസ്കാരം.എന്റെ പേര് ചിത്രാ ജോസഫ്. ഒരു ടെലിവിഷൻ ചാനലി ലാണ് ജോലി.

ഞാൻ കുറെനാളായി ഒരു കാര്യം അന്വേഷിച്ചു വരികയാണ്. പലതും കേട്ടു കേട്ടു വന്നപ്പോൾ കിട്ടിയ പുതിയ കാര്യം. ഏതാണ്ട് 45 വർഷം മുൻപ് പൂവൻതുരുത്തിൽനിന്നും രണ്ടുമൂന്നു കിലോമീറ്റർ അകലെ. കടലിൽ, ലെമൂറിയ എന്നൊരു ചെറിയ ദ്വീപുണ്ടായിരുന്നതായി കേട്ടു. അതൊരു ദിവസം രാവിലെ വലിയൊരു കടൽത്തിരയിൽ മുങ്ങിമറഞ്ഞുവെന്നും കേട്ടു. അതിനെക്കുറിച്ച് വല്യപ്പനറിയാമെന്ന് രഘുവും ശശീന്ദ്രനുമാണ് പറഞ്ഞത്.

ഗീവർഗ്ഗീസ് ഒന്നു ചുമച്ചു. പിന്നെ നെഞ്ചു തടവി. പിന്നിലേക്ക് ഇരുകൈകളും കുത്തി അല്പം ചാഞ്ഞിരുന്നു.

തുടയിലെന്തോ കടിക്കുന്നതുപോലെ എനിക്കു തോന്നി. കാലുകൾ അകറ്റി പാറക്കല്ലിനിടയിലേക്കു നോക്കി. ജീൻസിൽനിന്ന് കൈയെടുത്ത് ഒരു വെളുത്ത ഞണ്ട് കല്ലിനിടയിലേക്കു വലിഞ്ഞു.
കടൽക്കാറ്റിൽ പാറിപ്പറന്ന തലമുടി ഒന്നുകൂടി കോതികെട്ടിയശേഷം ഞാൻ ഹാൻഡ് ബാഗ് തുടറന്നു. രണ്ടുകവിൾ വെള്ളം തൊണ്ട നനച്ചപ്പോൾ അല്പം ആശ്വാസംതോന്നി. ഒരു സിഗരറ്റെടുത്തു കത്തിച്ചുപുകച്ചു. കൂളിങ്ങ്ഗ്ലാസ്സ് മുഖത്തുനിന്നെടുത്തു ഗീവർഗ്ഗീസിനെ ശ്രദ്ധിച്ചു. ഗീവർഗ്ഗീസ് ഓർമ്മയുടെ തിരകളിൽപ്പെട്ട് 45 വർഷം പിന്നോട്ട് സഞ്ചരിക്കുകയാണ്.

ഒരുനാൾ ഉൾക്കടലിൽനിന്ന് തിരിച്ചുവന്നപ്പോൾ ലെമൂറിയ ഉണ്ടായിരു ന്നില്ല. ഒഴുകിനടന്ന മരക്കഷണങ്ങൾക്കും പൊങ്ങിക്കിടക്കുന്ന വസ്തുക്കൾക്കും തെങ്ങുകൾക്കും താഴെ ഗീവർഗ്ഗീസിനു നഷ്ടപ്പെട്ടത് എല്ലാമെല്ലാമാണ്. ഭാര്യയും രണ്ടു കുട്ടികളുമടങ്ങിയ സന്തുഷ്ടമായ ജീവിത താളത്തെ.
ഒരാഴ്ച ഉൾക്കടലിൽ സ്രാവുവേട്ടയ്ക്കുപോയ മീൻപിടുത്ത സംഘം തിരിച്ചെത്തിയപ്പോൾ അവരൊഴികെ മറ്റാരും ലെമൂറിയക്കാരായി അവശേഷിച്ചി രുന്നില്ല. ദിക്കു തെറ്റിയതാവാമെന്ന് ആദ്യം സംശയിച്ചു. പിന്നെ ഗീവർഗ്ഗീസും കൂട്ടരും വെള്ളത്തിലേക്കു കുതിച്ചു.

ഏതാണ്ട് ഇരുപതുമാറ് താഴ്ന്നപ്പോൾ-കൈകൾ ഇരുവശത്തേക്കു നീട്ടി യാൽ ഒരു മാറ്-ആ കാഴ്ച കണ്ടു. താഴെ, അങ്ങു താഴെ, ഏതാണ്ടു നാല്പതു മാറ് താഴെ, ലെമൂറിയായിലെ ലൈറ്റ്ഹൗസിന്റെ, കെട്ടിടങ്ങളുടെ, കരിങ്കൽപണിത കൊച്ചുകൊട്ടാരത്തിന്റെ അവശിഷ്ടങ്ങൾ....
ഒഴുക്കിൽപെട്ടുപോകുമെന്നു തോന്നിയപ്പോൾ അവർ ശ്വാസംപിടിച്ച് മുകളിലേക്ക് നീന്തിക്കയറി. രണ്ടുമൂന്നു കിലോമീറ്റർ വള്ളം തുഴഞ്ഞ് പൂവൻ തുരുത്തിലെത്തി. മനുഷ്യവാസം ഒരു കാലത്തും ഉണ്ടായിട്ടില്ലാത്ത വിജനമായ ചതപ്പുനിലംപോലെയായിരുന്നു അത്. അങ്ങിങ്ങായി ചിതകളെരിയുന്നു. ശക്ത മായൊരു കടലാക്രമണത്തിന്റെ ശേഷിപ്പുകൾകണ്ട് കണ്ണിലിരുട്ട് കയറിയപ്പോൾ ആരൊക്കെയോ ഓടിയെത്തി വള്ളം കരയ്ക്കടുപ്പിച്ചു. മൂന്നുനാൾ മുൻപ് ഒരു കൊന്നത്തെങ്ങിന്റെ ഉയരത്തി ലായിരുന്നു കടൽ ഇരച്ചുകയറിയതെന്ന് രക്ഷപ്പെട്ടവർ പറഞ്ഞു. കടലിൽ ഭൂകമ്പമുണ്ടായതായി റേഡിയോവാർത്ത കേട്ടു. ഉല്ക്ക പതിച്ചതാണെന്ന് മറ്റു ചിലർ. രാക്ഷസത്തിരയിൽ വീടുകൾ തകർന്നു. മനുഷ്യരും മൃഗങ്ങളും ചത്തുപൊങ്ങി. വെള്ളം കടലിലേക്ക് തിരിച്ചൊഴുകിയ പ്പോൾ ചിലർ തെങ്ങുകളിൽ പിടിച്ചു രക്ഷപ്പെട്ടു. പൂവൻതുരുത്തിൽ പിന്നെ വീടു കളുയർന്നില്ല. ഒരു പ്രേതദ്വീപുപോലെ വർഷങ്ങളോളം വിജനമായിക്കിടന്നു.

അമ്പതുവർഷം മുമ്പ് പൂവൻതുരുത്തിന്റെ പേര് പടക്കപ്പൽതുറൈ എന്നായിരുന്നുവെന്ന് ഗീവർഗ്ഗീസ് പറഞ്ഞു. നാലു നൂറ്റാണ്ടുമുമ്പ് പോർച്ചുഗീസുകാരുടെ ആക്രമണത്തെ നേരിടുവാൻ അങ്ങ് വടക്കൻകേരള ത്തിലെ സാമൂതിരിരാജാവിന്റെ നാവികപ്പട

സുരക്ഷിതസ്ഥാനം തേടി തെക്കോട്ടു നീങ്ങിയെത്തിയത് പടക്കപ്പൽതുറൈയിലായിരുന്നുവെന്ന് കരുതപ്പെടുന്നു. നാവികരായ മരയ്ക്കാർമാർക്ക് തെക്കൻനാട്ടുരാജാവ് അഭയം കൊടുത്തു. നിസ്കാരത്തിന് കായൽത്തീരത്ത് മുസ്ലീംപള്ളിയും പണികഴിപ്പിച്ചു. അക്കാലത്തെ നാവികരുടെ ശവകുടീരങ്ങളിലെ മീസാൻകല്ലുകൾ ഇപ്പോഴും അവിടെ കാണാം. പടക്കപ്പലുകൾ കടലിൽനിന്ന് നേരെ കായലിൽ പ്രവേശി ച്ചിരുന്നുവെന്ന നിഗമനത്തിന് ഈയിടെയാണ് ചില തെളിവുകൾ ലഭിച്ചത്. യൂനെസ്കോയുടെ ആഭിമുഖ്യത്തിൽ പുരാവസ്തു ഖനനം നടത്തിയപ്പോൾ മലബാറിലെ പായ്ക്കപ്പലുകളുടെ അടിത്തട്ടിന്റെ തേക്കിൻപലകകളും നങ്കൂര ങ്ങളും ചുക്കാനുകളും കണ്ടെത്തിയിരുന്നു. പടക്കപ്പലുകൾ നങ്കൂരമിട്ടതുകൊണ്ട് പടക്കപ്പൽതുറൈ എന്ന് തമിഴ്കലർന്ന സ്ഥലപ്പേരുവന്നു.
കടൽഭിത്തി കെട്ടാനായി 150 വർഷം മുൻപുള്ള തിരുവിതാംകൂർ പബ്ലിക് വർക്സ് ഡിപ്പാർട്ട്മെന്റ് നടത്തിയ റെവന്യൂ സർവേരേഖകൾ പ്രകാരം പടക്കപ്പൽ തുറൈയിൽനിന്ന് അങ്ങ് ലെമൂറിയദ്വീപുവരെ അരയോളം വെള്ളത്തിൽ നടന്നു പോകാവുന്നതും മണൽത്തിട്ടകൾ നിറഞ്ഞതുമായ സമുദ്രഭാഗമാണെന്ന് സൂചന കളുണ്ട്. ബ്രിട്ടീഷുകാരുടെ കാലത്താണ് ലെമൂറിയദ്വീപിൽ റാന്തൽവിളക്കു കത്തിക്കാൻ ഒരു കരിങ്കൽ സ്തംഭമുയർന്നത്. ഒന്നാം ലോകയുദ്ധകാലത്ത് മണൽ ത്തിട്ടയിൽ തട്ടി ഒരു ബ്രിട്ടീഷ് പടക്കപ്പൽ രാത്രിയിൽ തകർന്നതിനെ തുടർന്നായിരുന്നു അവിടെ ലൈറ്റ്ഹൗസ് സ്ഥാപിച്ചത്. അവരാണ് ആ കൊച്ചുദ്വീപിന് ലെമൂറിയ എന്ന പേരിട്ടതും.

ഫിഷറീസ് ട്രെയിനിങ്ങ് കോളേജിന് സമുദ്രനിരീക്ഷണത്തിനായി ഒരു ബോട്ടുണ്ട്. കടലിൽ എന്തെങ്കിലും പ്രശ്നങ്ങളുണ്ടായാൽ കോസ്റ്റ്ഗാർഡുമായി പോകുന്നത് ഈ ബോട്ടിലാണ്. ട്രെയിനിലെ കംപാർട്ടുമെന്റുപോലെ ബെർത്തു കളോടുകൂടിയ ചെറിയ ക്യാബിനിൽ നാലുപേർക്കു സുഖമായി കിടന്നുറങ്ങാം. ഗ്യാസ് സ്റ്റൗ, ടോയ്‌ലറ്റ് തുടങ്ങി അത്യാവശ്യ സൗകര്യങ്ങളുമുണ്ട്. ഫിഷറീസ് ഡിപ്പാർട്ടുമെന്റിന്റെ പ്രത്യേക അനുമതിയുള്ളതിനാൽ ബോട്ടിന് വാടകയോ ഡീസലോ കൊടുക്കേണ്ടിവന്നില്ല. ഹാർബറിൽനിന്ന് രാവിലെ പുറപ്പെട്ട ബോട്ട് പൂവൻതുരുത്തിന് പടിഞ്ഞാറെത്തുവാൻ ഇനി അരമണിക്കൂറെങ്കിലും എടുക്കു മെന്ന് ബോട്ട് ഡ്രൈവർ പറഞ്ഞു. ഉച്ചവെയിലേറുന്തോറും കടലിന് തെളിച്ചം കൂടും. ലെമൂറിയ താണുപോയ ഭാഗത്ത് മുങ്ങാൻപറ്റിയ സമയമതാണ്. ബോട്ടിൽനിന്നു നോക്കിയാൽത്തന്നെ ഏതാണ്ടു അടിത്തട്ടു കാണാം. ചില്ലുപോലെ സുതാര്യമാണ് സമുദ്രം.

ബോട്ടിൽ ഡ്രൈവറെ കൂടാതെ രണ്ടു സഹായികളുമുണ്ട്. അവരും രഘുവും ശശീന്ദ്രനും ഒന്നിച്ചിരുന്ന് മുതുകിൽ കെട്ടുന്ന ഓക്സിജൻ സിലിണ്ടറും മുഖത്തുവെയ്ക്കുന്ന മാസ്ക്കും കാലിലിടുന്ന സ്ലീപ്പേഴ്സും സൂചനകൾ നല്കുന്ന ഇലക്ട്രോണിക് ഉപകരണ വുമൊക്കെ പരിശോധിക്കുകയാണ്. ഗീവർഗ്ഗീസാവട്ടെ ഓളങ്ങളെ നോക്കിനിൽക്കുന്നു.

കടൽ കണ്ടാൽ ഒരു മരുഭൂമിപോലെയാണ്. മണൽക്കുന്നുകളുടെ ആകൃതിയാണ് തിരകൾക്ക്. ഒരു കേറ്റം, പിന്നെ ഇറക്കം, വീണ്ടും കേറ്റം. കടൽ ചലിക്കുന്ന കുന്നുകളാണ്. ജലത്തിന്റെ കുന്നുകൾ. താഴ്‌വരകൾ. ആരോഹണ- അവരോഹണ രൂപത്തിലാടുന്ന കാലതരംഗത്തിലൂടെ ജീവിതത്തിന്റെ യന്ത്രം കുതിച്ചുപായുന്നു. തിരമുകളിലെത്തിയാൽ ജീവിതം എടുത്തെറിയപ്പെടുന്നതു മാതിരി തോന്നും. വേഗത കുറയ്ക്കാത്ത വാഹനങ്ങൾ റോഡിലെ ബമ്പിൽനിന്ന് ഞൊടിയിട നേരത്തേക്ക് ടേക്ക് ഓഫ് ചെയ്യുന്നപോലെ.

ഗീവർഗ്ഗീസ് കടലിലേക്കു കൈചൂണ്ടി. 45 വർഷം മുൻപ് സുനാമി വിഴുങ്ങിയ ലെമൂറിയായയുടെ തിളക്കം കടലിൽ നോക്കിയാൽ മത്സ്യ ത്തൊഴിലാളികൾക്കു തിരിച്ചറിയാൻ കഴിയും. ഏതാണ്ട് 60 മാറു താഴെ പുറ്റുകളും പാരുകളും ഉള്ളതിനാലാണ് ഈ തിളക്കമെന്ന് ബോട്ട് ഡ്രൈവർ പറഞ്ഞു. രാത്രിയിൽപോലും അവിടം തിരിച്ചറിയാനാവും. മിന്നാമിനുങ്ങുപോലെ വർണ്ണമത്സ്യങ്ങൾ മിന്നിത്തിളങ്ങുന്നതിനാൽ.

പവിഴപ്പുറ്റുകളും ചിപ്പികളും വെട്ടിയെടുക്കാൻ മുങ്ങുന്നവർ പ്രകാശിക്കുന്ന ജലജീവികളെയും അവിടെ കണ്ടിട്ടുണ്ട്.

ഇതൊരു കഥയാവാം. അല്ലെങ്കിൽ മാഞ്ഞുപോയ യാഥാർത്ഥ്യമാവാം. നിഗമന ത്തിന്റെ തിരതല്ലലിൽ എനിക്കു ലെമൂറിയ കാണണമെന്നുണ്ടായിരുന്നു. അതുകൊണ്ട് ഗീവർഗ്ഗീസിന്റെ വ്യക്തിജീവിതത്തിലേക്ക് ഞാൻ കടന്നുചെന്നില്ല. ലെമൂറിയ കാണാൻ ഒരു സ്ത്രീ തയ്യാറാവുന്നത് ആദ്യമായിട്ടാണെന്ന് രഘുവും ശശീന്ദ്രനും പറഞ്ഞു. എന്റെ ആഗ്രഹവും ധൈര്യവും കണ്ട് ബോട്ട്ഡ്രൈവറും സഹായികളും ഗീവർഗ്ഗീസും എന്തൊക്കെയോ ചിന്തിക്കുന്നുണ്ടെന്ന് അവരുടെ മ്ലാനതയിൽനിന്ന് വ്യക്തമായിരുന്നു. ഞാൻ കാബിനിൽനിന്ന് പ്രത്യേകമായ നീന്തൽവേഷമിട്ട് ഡക്കിലെത്തിയ പ്പോൾ രഘുവും ശശീന്ദ്രും മാസ്ക്, ഓക്സിജൻ സിലിണ്ടർ, സ്ലീപ്പേഴ്സ് തുടങ്ങിയവ യൊക്കെ ധരിച്ച് കടലിൽ മുങ്ങാൻ തയ്യാറായി നിൽക്കുന്നുണ്ടായിരുന്നു.

ബോട്ടിലെ സഹായികൾ എന്റെ പാദങ്ങളിൽ സ്ലീപ്പേഴ്സ് കയറ്റി. കൈകളിൽ മീൻചിറകുപോലുള്ള കൈയുറകൾ പിടിപ്പിച്ചു. മുതുകിൽ ഓക്സിജൻ സിലിണ്ടർ വെച്ചു ബെൽറ്റിട്ടു മുറുക്കി. അരയിലെ ബെൽറ്റിൽ പ്ലാസ്റ്റിക് വടവും കെട്ടി. പരിചയ മില്ലാത്തതിനാൽ ഒഴുക്കിൽപെട്ടു പോകാതിരിക്കുവാനോ എന്തെങ്കിലും സംഭവിച്ചാൽ കടലിൽനിന്ന് ഉയർത്തിയെടുക്കാനോ ആണ് വടം കെട്ടുന്നതെന്ന് സഹായികൾ പറഞ്ഞു. ഓക്സിജൻ ശ്വസിക്കത്തക്ക രീതിയിൽ മാസ്കുകൊണ്ട് മൂക്കുമൂടി. കണ്ണിനു മുന്നിൽ ഗ്ലാസ്സുംവെച്ചു. കടലിനടിയിലെ ദൃശ്യങ്ങൾ വ്യക്തമായി കാണാനായി രുന്നുവത്. എന്റെയും രഘുവിന്റെയും ശശീന്ദ്രന്റെയും അരയിലെ ബൽറ്റുകളിൽ മൊബൈൽഫോൺപോലുള്ള ഉപകരണം ഘടിപ്പിച്ചു. അതിലെ ബട്ടണിൽ വിരലമർത്തിയാൽ വെള്ളത്തിലൂടെ സഞ്ചരിക്കുന്ന ശബ്ദതരംഗങ്ങൾ ബോട്ടിലെ ഇലക്ട്രോണിക് യന്ത്രത്തിലെത്തും. ബോട്ടിൽനിന്ന് സൂചനകളയച്ചാൽ അരയിലെ ഉപകരണത്തിൽ ചുവന്നവെളിച്ചം മിന്നിക്കൊണ്ടിരിക്കും. ഇത്തരം ഇലക്ട്രോണിക് ഉപകരണങ്ങൾ അത്യാധുനികമല്ലെന്നും അവ സാധാരണ മത്സ്യത്തൊഴിലാളികൾ ക്കുള്ള പ്രത്യേക പരിശീലനത്തിനുവേണ്ടി ഉപയോഗിക്കുന്നതാണെന്നും ബോട്ട് ഡ്രൈവർ എന്നെ ഒരിക്കൽക്കൂടി ഓർമ്മിപ്പിച്ചു. നേരത്തെ ചില ചെറിയ പരിശീലനങ്ങൾ നടത്തിയിട്ടുള്ളതിനാൽ മൂന്നുപേരും എങ്ങനെയാണ് കടലിലേക്ക് ചാടേണ്ടതെന്നും ലെമൂറിയായിലേക്കു ഊളിയിടേണ്ടതെന്നും ധാരണയുണ്ടായിരുന്നു. സ്രാവുകളുടെ ശല്യം ഈ ഭാഗത്തുണ്ടാകാറില്ലെന്ന് ഗീവർഗ്ഗീസ് ബോട്ട് ഡ്രൈറോടു പറയുന്നതു കേട്ടു. റബ്ബർ കൊണ്ടുള്ള ഒരു ക്യാപ്കൊണ്ട് തലയും ചെവിയും മറച്ചതോടെ ഞങ്ങൾ മുങ്ങലിനു തയ്യാറായി.
എന്റെ ഇരുവശത്തുമായി രഘുവും ശശീന്ദ്രനും നിന്നു. കടലിലേക്ക് പുറം തിരിഞ്ഞാണ് ഞങ്ങൾ നിന്നത്. മലർന്നുവേണം കടലിലേക്കു മറിയാൻ. ഞങ്ങൾ കൈകളിൽ കെട്ടിയിരുന്ന വലിയ ഇലക്ട്രോണിക് വാച്ചുകളിലേക്കു നോക്കി. നിമിഷങ്ങൾ കഴിഞ്ഞപ്പോൾ കടലിലേക്കു മറിഞ്ഞു.
ചരിത്രത്തിലെഴുതപ്പെടാത്തൊരു അദ്ധ്യായത്തിലേക്കാണ് കൂപ്പുകുത്തുന്ന തെന്ന് എനിക്കു തോന്നി. കണ്ണാടിയിലൂടെ രഘുവിനെയും ശശീന്ദ്രനെയും വ്യക്തമായി കാണാമായിരുന്നു, അവർ എന്റെ അടുത്തുവന്ന് അടിത്തട്ടിലേക്കു നീന്തുവാൻ ആംഗ്യം കാണിച്ചു. വാച്ചിലെ അക്കങ്ങൾ പ്രകാശിക്കുന്നുണ്ടായിരുന്നു.
ക്ലിയോപാട്രയുടെ കൊട്ടാരത്തിന്റെ അവശിഷ്ടങ്ങൾ ഈജിപ്തിനടുത്ത് കടലിനടിയിൽ കിടക്കുന്നത് ഡിസ്കവറി ചാനലിൽ കണ്ടതുപോലുള്ള ഒരനുഭവ മാകാമിത്. ഗുജറാത്തിനടുത്ത് കടലിനടിയിൽ ദ്വാപരയുഗത്തിലെ ശ്രീകൃഷ്ണന്റെ ദ്വാരകയുടെ അവശിഷ്ടങ്ങളും ഇങ്ങനെ കിടപ്പുണ്ടാകാം. വസ്തുതകളും ഐതീഹ്യങ്ങളുമിങ്ങനെ ചരിത്രസ്മൃതികളിൽ ഇടകലർന്നു സ്പന്ദിക്കുകയാണ്.
രഘുവും ശശീന്ദ്രനും പവിഴപ്പുറ്റുകൾ നിറഞ്ഞ പാറക്കൂട്ടത്തിലെത്തി. എനിക്കിപ്പോൾ ലെമൂറിയ കാണാം. അത്രയ്ക്കും തെളിച്ചം വെള്ളത്തിലുണ്ടായിരുന്നു. ഗീവർഗ്ഗീസ്

പറഞ്ഞ കഥയ്ക്കു പിന്നിലുള്ള ലെമൂറിയായെ ഞാൻ സ്പർശിച്ചു. സുനാമിയിൽ തകർന്നു താഴ്ന്ന ലെമൂറിയായിലെ പാറക്കൂട്ടങ്ങൾക്കരികിലൂടെ ഞങ്ങൾ ഊളിയിട്ടു. ഗീവർഗ്ഗീസിന്റെ ചരിത്രസ്മൃതികളും ലെമൂറിയായിലെ ശിഷ്ടദൃശ്യങ്ങളും തമ്മിൽ സമാന്തരപ്പെടുന്നുണ്ടെന്നു തോന്നി.

ചതുരക്കട്ടകളായി ചെത്തിമിനുക്കിയ കല്ലുകൾ കൊച്ചുകൊട്ടാരത്തിന്റേ താണ്. ഏതാണ്ട് 70 വർഷം മുൻപ് രാജഭരണകാലത്തു പണിത രമ്യഹർമ്മ്യത്തിന്റെ. രാജകുടുംബത്തിന്റെ വേനൽക്കാല വിശ്രമതാവളമായിരുന്നു അത്. ആ ഹർമ്മ്യത്തിൽ രാജകുടുംബത്തിന്റെ അതിഥികളായി അമേരിക്കക്കാരും യൂറോപ്യരും താമസിച്ചിരുന്നു. അവരാണ് ലെമൂറിയായുടെ പ്രകൃതി ഭംഗിയെക്കുറിച്ച് പുറംലോകത്തെ അറിയിച്ചത്. അങ്ങനെ മെല്ലെ മെല്ലെ വിദേശത്തുനിന്നും വിനോദസഞ്ചാരികൾ ലെമൂറിയായിൽ എത്താൻ തുടങ്ങി. ലെമൂറിയായുടെ പ്രശാന്തതയും വെള്ളമണൽപ്പരപ്പിൽ നഗ്നരായി കിടന്നുള്ള സൂര്യസ്നാനവും കടൽത്തിരയിലെ കുളിയും കൂടുതൽ കൂടുതൽ വിദേശ വിനോദസഞ്ചാരികളെ അവിടേക്ക് വശീകരിച്ചു. റാളും ചിപ്പിയും മത്സ്യവും പഴങ്ങളിട്ടുവാറ്റിയ ചാരായവും അവർക്കു ഹരമായി. ഗീവർഗ്ഗീസായിരുന്നു അവരെ കട്ടമരത്തിൽ കയറ്റി കടലിൽക്കൊണ്ടുപോയിരുന്നത്. പ്രശസ്തമാകാൻ തുടങ്ങിയ ലെമൂറിയ എന്ന കൊച്ചുദ്വീപ് അപ്പോൾ രാജഭരണത്തിൽ കീഴിലായിരുന്നു.

കൊച്ചുകൊട്ടാരവും ഭൂമിയും സൂക്ഷിച്ചിരുന്നത് രാജസേവകരും നടത്തിപ്പുകാരുമായിരുന്ന നീരർ എന്ന സവർണ്ണജാതിക്കാരായിരുന്നു. നീരർക്കു കീഴെ ഈലൻ എന്ന അവർണ്ണജാതിക്കാർ മണ്ണുകിളപ്പ്, തെങ്ങുകയറ്റം, കള്ളുചെത്ത്, കയർപിരിക്കൽ തുടങ്ങിയ പണികൾ ചെയ്ത് ലെമൂറിയായിലെ കുടികിടപ്പുകാരായി കഴിഞ്ഞു. ഈലൻജാതിക്കു താഴെയുള്ള അവർണ്ണജാതിക്കാരായിരുന്നു പുനവർ. പുനവർ മീൻപിടുത്തം, പാറപൊട്ടിക്കൽ, വിറകുകീറൽ, തൊണ്ടുതല്ലൽ എന്നിവ കൂടാതെ പടക്കപ്പൽതുറൈക്കു കിഴക്ക് കായലിനടുത്തുള്ള വയലുകളിൽ മൂവന്തി വരെ പണിയെടുത്തിരുന്നു. മറ്റൊരുകൂട്ടർ ലത്തീൻ ക്രിസ്ത്യാനികളായി മത പരിവർത്തനം ചെയ്തവരാണ്. ലത്തീൻ ക്രിസ്ത്യാനികൾക്കു ജാതി ഉണ്ടായിരുന്നില്ല.

ഇക്കാലത്ത് വിവിധജാതികളുടെ ഉന്നമനത്തിനുവേണ്ടി പരിഷ്കരണവാദികൾ ശബ്ദമുയർത്തിക്കൊണ്ടിരുന്നു. സമത്വത്തിന്റെ ദൈവശാസ്ത്രം അവർ പ്രഘോഷിച്ചു. മഞ്ഞവസ്ത്രധാരിയായ ഒരു ഈലൻയോഗി ലെമൂറിയായിൽ വന്ന് ഈലൻജാതിക്കാരെ സംഘടിപ്പിച്ചു.
ഈലൻജാതിയിൽ നിന്നൊരാളെ ആ യോഗി ശിഷ്യനുമാക്കി. ശിഷ്യൻ ലെമൂറിയായിലെ ഈലൻജാതിയുടെ നേതാവായി. നേതാവ് മദിരാക്ഷികളെയും മദ്യക്കുപ്പികളെയും ലെമൂറിയായിലേക്കു കടത്തിക്കൊണ്ടുവന്നു. വിദേശികൾക്കും ഇന്ത്യാക്കാരായ വിനോദസഞ്ചാരികൾക്കും ഈലൻ നേതാവ് സധൈര്യം മദ്യവും മദിരാക്ഷിയും വിറ്റ് ധനാഢ്യനും സമത്വത്തിനു വേണ്ടിയുള്ള പോരാളിയുമായി. ദൈവശാസ്ത്രത്തിന്റെ മറവിൽ നടത്തിയ ഒരു നാടകം!

വർഷങ്ങൾ കഴിഞ്ഞപ്പോൾ, ഇന്ത്യ സ്വതന്ത്ര ജനാധിപത്യ രാജ്യമായപ്പോൾ, ലെമൂറിയായിലെ രാജഭരണത്തിനെതിരായും ശബ്ദമുയർന്നു.

സമത്വത്തിന്റെ ദൈവശാസ്ത്രം പറഞ്ഞ് സംഘടിതരായിത്തീർന്ന ഈലൻ ജാതിക്കാർ തങ്ങളുടെമേൽ അധീശത്വം പുലർത്തിയിരുന്ന മേൽജാതിക്കു നേരെ തിരിഞ്ഞു. ഈലൻനേതാവും സംഘവും ചേർന്ന് രാജസേവകരായ നീരർജാതി ക്കാരുടെ പണ്ടാരംകുടിവക പാട്ടം ഭൂമിയിൽ കൈവശാവകാശം സ്ഥാപിച്ചു. പണ്ടാരംകുടിവക എന്നാൽ സർക്കാർ വക എന്നർത്ഥം.

പ്രധാനകരയിൽ തെരഞ്ഞെടുപ്പുകഴിഞ്ഞ് പുതിയ ഭൂപരിഷ്കരണനിയമം വന്നപ്പോൾ ഈലൻ നേതാവ് ഭൂമിവെട്ടിപ്പിടിക്കാൻ തുടങ്ങി. സമത്വത്തിന്റെ ദൈവശാസ്ത്രത്താൽ സംഘടിതരായ ഈലൻജാതിക്കാർ മറ്റു കീഴ്ജാതിക്കാരെയും ആക്രമിച്ചു. വെട്ടുകത്തിയും വാളും ഉപയോഗിച്ച് പുനവർജാതിക്കാരെ ലെമൂറിയായിൽ നിന്ന് ക്രൂരമായി മർദ്ദിച്ചുതുരത്തി. പുനവരുടെ കുടികൾ തീവെച്ചു നശിപ്പിച്ച്, ഭൂമിയിൽ അവകാശം സ്ഥാപിച്ചു. ലത്തീൻ ക്രിസ്ത്യാനികളെയും അവർ ആക്രമിച്ചോടിച്ചു. എതിർത്തവരെ അനാഥമായിക്കിടന്ന കൊച്ചുകൊട്ടാരത്തിൽ കൊണ്ടുപോയി കഴുത്തറുത്തുകൊന്നു. വിളക്കുസ്തംഭം നിന്നിരുന്ന പാറയുടെ ഇടുക്കിലേക്ക്, കടലിലേക്ക് ശവങ്ങൾ വലിച്ചെറിഞ്ഞു.

നാട്ടുഭരണ സമിതികളിലേക്ക് തെരഞ്ഞെടുപ്പു നടന്നു. എണ്ണത്തിൽ കൂടുതൽപേർ ഈലൻജാതിക്കാരായതുകൊണ്ട് അവർ വോട്ടുബാങ്കായിരുന്നു. അങ്ങനെ ലെമൂറിയായുടെ രാഷ്ട്രീയാധികാരവും ഈലൻനേതാവിന്റെ കൈകളിൽ വന്നു ചേർന്നു. ലെമൂറിയായിലെ ഭൂമി നേതാവിന്റെ താൽപര്യമനുസരിച്ച് ഈലൻ ജാതിക്കാർ പങ്കുവെച്ചു.

ഗീവർഗ്ഗീസ് അപ്പോൾ കുടുംബസമേതം ലെമൂറിയായുടെ ഒരറ്റത്തായിരുന്നു താമസിച്ചിരുന്നത്. ഈലൻനേതാവിന്റെ ക്രൂരത കണ്ട് അയാളെ എതിർത്തിരുന്ന ഒരു വിഭാഗം ഈലൻവിഭാഗക്കാരും അവിടെ പാർപ്പുറപ്പിച്ചു. സമത്വത്തിന്റെ ദൈവശാസ്ത്രത്തിൽ വിശ്വസിച്ചുകൊണ്ട് ഈലന്മാരും പുനവരും ലത്തീൻ ക്രിസ്ത്യാനികളും അവിടെമാത്രം സമാധാനത്തോടെ ഒത്തൊരുമിച്ചു  കഴിഞ്ഞു. പക്ഷേ, അവരുടെ പേരുകൾ വോട്ടർപട്ടികയിൽ നിന്ന് നീക്കംചെയ്തിരുന്നു. അവർക്ക് റേഷൻകാർഡുകൾ ഉണ്ടായിരുന്നില്ല. നേറ്റിവിറ്റി സർട്ടിഫിക്കറ്റ്പോലും നിഷേധിക്കപ്പെട്ടു.

ഇതൊന്നുമറിയാതെ ഒട്ടേറെ വിദേശവിനോദസഞ്ചാരികൾ ലെമൂറിയായുടെ പ്രകൃതിസൗന്ദര്യത്തിലേക്ക് കടന്നുവന്ന കാലമായിരുന്നു അത്. ഈലൻജാതിയിലെ നേതാവും കുടുംബങ്ങളും വിദേശികൾക്ക് കിടപ്പാടമൊരുക്കി, രൂപയ്ക്കു പകരം ഡോളർ സമ്പാദിച്ചു. വിദേശധനം ഏറിയപ്പോൾ ലെമൂറിയായുടെ തീരഭൂമിയിൽ ഹോട്ടലുകളുയർന്നു. അവർ തെങ്ങുകളും പച്ചപ്പും വെട്ടിനിരത്തി തീപ്പെട്ടിക്കൂടുകൾ നിരത്തുംപോലെ തീരഭൂമിയെ കോൺക്രീറ്റ് വനമാക്കി. വനത്തിൽ ഡോളറും മദിരാക്ഷിയും മദ്യവും കള്ളവും ചൂതും അത്യാഗ്രഹവും അനീതിയും തല്ലും കൊലപാതകവും പെരുകി. അധർമ്മംകൊണ്ടും വിസർജ്ജ്യങ്ങൾകൊണ്ടും മാലിന്യംകൊണ്ടും ലെമൂറിയായുടെ തീരഭൂമി വികൃതമാവാൻ തുടങ്ങിയപ്പോൾ മീൻപിടുത്തക്കാരായ പുനവർജാതിക്കാരും ലത്തീൻ ക്രിസ്ത്യാനികളും ദൈവകോപത്തിനിടവരുത്തരുതേ എന്നു പ്രാർത്ഥിച്ചു. ലെമൂറിയായിലെ വോട്ടുബാങ്കായ ഈലൻജാതിക്കാർ അവരെ ആക്രോശിച്ചു.

എല്ലാം ഒരു ഇതാഹാസനോവൽപോലെ വിസ്തരിച്ചു പറയാനുള്ള മാനസികനിലയിലായിരുന്നില്ല ഗീവർഗ്ഗീസ്. ഗീവർഗ്ഗീസ് ഇപ്പോൾ ബോട്ടിൽനിന്ന് കടലിനെ നോക്കി സുനാമിയുടെ രൂപത്തിൽവന്ന ദൈവകോപത്തെക്കുറിച്ചോർ ക്കുകയായിരിക്കും. അതിൽ തനിക്കു നഷ്ടപ്പെട്ട ജീവിതത്തിന്റെ അർത്ഥത്തെയും. എല്ലാം കഥകളായി മാറുകയാണ്. ഇതിഹാസകഥകൾ വിസ്തരിച്ചുകേൾക്കാൻ ആളും സമയവുമില്ലാത്ത കാലത്ത്.

രണ്ടാൾ പൊക്കത്തിൽ വൃത്താകൃതിയിലുള്ള കരിങ്കൽകെട്ടു കണ്ടപ്പോൾ അതായിരുന്നു ലെമൂറിയായിലെ തകർന്നുപോയ ലൈറ്റ്ഹൗസ് എന്ന് ആരോ പറയു ന്നതുപോലെ തോന്നി. രഘുവും ശശീന്ദ്രനും കരിങ്കൽകെട്ടിടത്തിന്റെ അവശിഷ്ട ങ്ങൾക്കു താഴെ ഒരു പാറയിടുക്കിലേക്ക് ഊളിയിടുകയാണ്. പവിഴപ്പുറ്റുകൾക്കിട യിലൂടെ,

വർണ്ണമത്സ്യങ്ങൾക്കിടയിലൂടെ ഊളിയിടാൻ അവർ എന്നെ ആംഗ്യം കാണിച്ചു. ഒരു കടൽപാമ്പ് എന്റെ മാറിനെ തഴുകികടന്നുപോയി. വെളുപ്പും ചുവപ്പും നിറത്തിലുള്ള പുറ്റുകൾ അപൂർവചാരുതയാർന്ന അമൂർത്ത ശില്പങ്ങൾ തന്നെയാണ്. ഞണ്ടുകളും ആമകളും പിറകോട്ടു സഞ്ചരിക്കുന്ന റാളുകളും പാറപ്പൊത്തുകളിൽ കയറി ഒളിക്കുകയും കടൽച്ചെടികൾക്കിടയിലൂടെ മറയുകയും ചെയ്തു. വിവിധ വലുപ്പത്തിലും നിറങ്ങളിലുമുള്ള കടൽച്ചെടികളുടെ പടർപ്പ് കണ്ടാൽ കാശ്മീരിന്റെ മിനിയേച്ചറാണെന്നേ തോന്നൂ.
ഒട്ടകം സൂചിക്കുഴയിലൂടെ കടന്നിട്ടുണ്ടാവാം. അതേപോലൊരു സൂചിക്കുഴ യായിരുന്നു പവിഴപ്പുറ്റുകൾക്കിടയിലുള്ള ഗുഹ. അതിലൂടെ കഷ്ടിച്ച് തല കടക്കും. തലകടന്നാൽ ശരീരം ഞെക്കി ഞെരുക്കി കടത്താമെന്നാണ് രഘുവും ശശീന്ദ്രനും എന്നെ കാണിച്ചുതന്നത്.

മുതുകിലെ ഓക്സിജൻ സിലിണ്ടർ അഴിച്ച് കൈയിൽ പിടിക്കണമെന്നുമാത്രം. സിലിണ്ടറിന് കേടുപാടൊന്നുമില്ലാതെ ഗുഹയിലേക്കു കടക്കാൻ അവർ സൂക്ഷ്മ ബുദ്ധിയോടെ എന്നെ സഹായിച്ചു.
ഇപ്പോൾ ഒരു കൈകൊണ്ടാണ് തുഴയേണ്ടത്. ഒറ്റച്ചിറകുള്ള മത്സ്യത്തെ പ്പോലെ. വാസ്തവത്തിൽ ഗുഹയ്ക്കകം വിസ്തൃതമായൊരു വർണ്ണലോകമായിരുന്നു. സൗന്ദര്യത്തിന്റെ സ്വർഗ്ഗരാജ്യം! മുകൾത്തട്ടിലുള്ള ഇടുക്കുകളിൽ നിന്ന് ഗുഹ യിലേക്ക് വെളിച്ചം കടന്നുവരുന്നുണ്ടായിരുന്നു.
കടുത്തനിറങ്ങൾ പ്രകാശിക്കുന്ന പുറ്റുകൾക്കിടയിലൂടെ നീണ്ടചിറകുകളുള്ള മനോഹരമായ മത്സ്യങ്ങൾ നീങ്ങുന്നതു കണ്ടാൽ കരയിലുള്ളതിനേക്കാൾ കലാചാരുത കടലിനടിത്തട്ടിലുള്ളതിനാണെന്ന് ആർക്കും ബോധ്യപ്പെടും. പൊത്തുകളിൽ നിന്ന് വിവിധയിനം ശംഖുകൾ പെറുക്കി യെടുക്കാം. പൂപോലുള്ള ഒരു സസ്യത്തിന്റെ ഇതളുകൾ ഞാൻ ഒരുവിധം  വിടർത്തി നോക്കിയപ്പോൾ അതു കപ്പലണ്ടി വലിപ്പത്തിലുള്ള ചെറുഞണ്ടിന്റെ ആഹാര മാക്കിയിരിക്കുന്നതു കണ്ടു.

രഘുവും ശശീന്ദ്രനും തിളങ്ങുന്ന പുറ്റുകളും കല്ലുകളും അവരുടെ മടിയിൽ കരുതിയ കത്തികൊണ്ട് വെട്ടിയെടുക്കുകയായിരുന്നു. ഗൾഫിൽ ഏതു തൊഴിലും ചെയ്ത് എണ്ണപ്പണം സമ്പാദിക്കാനുള്ള കേരളീയരുടെ അത്യുത്സാഹം അവരുടെ ചലനങ്ങളിലുണ്ട്.

പെട്ടെന്നാണ് കൂർത്തുനിന്ന ഒരു പവിഴപ്പുറ്റിൽതട്ടി എന്റെ അരയിലെ ബെൽറ്റിൽ മുറുകിയ ഇലക്ട്രോണിക് ഉപകരണം തുടരെത്തുടരെ ചുവന്നവെളിച്ചം മിന്നിച്ചത്.
അതെങ്ങിനെയങ്കിലും സ്വിച്ച് ഓഫ് ചെയ്യാനുള്ള എന്റെ ശ്രമം വിഫല മായപ്പോൾ രഘുവും ശശീന്ദ്രനും ദ്രുതഗതിയിൽ എന്റെ അടുത്തേക്ക് തുഴഞ്ഞുവന്നു. എന്തോ അപകടം സംഭവിക്കാൻ പോകുന്നുവെന്ന വെപ്രാള ത്തോടെ. അപകടസൂചന ലഭിച്ചാൽ ബോട്ടിൽനിന്ന് വടംവലിച്ചുകേറ്റുമെന്ന് ഞങ്ങൾക്ക് അറിയാമായിരുന്നു.
ശശീന്ദ്രൻ എന്റെ അരയിൽ മുറുക്കിയ വടം അഴിക്കാൻ ശ്രമിച്ചപ്പോൾ വടം എന്നെ വലിച്ചുകൊണ്ടുപോയി. ഗുഹാമുഖത്തിനു കുറുകെ കുരുക്കി വടം ശക്തമായി പുറത്തേക്കുവലിയുകയാണ്.

ഗുഹയിൽനിന്ന് പുറത്തേക്കിറങ്ങാൻപറ്റാത്ത സ്ഥിതിയിലായെന്നു ബോദ്ധ്യമായ പ്പോൾ ഞാൻ കൈയിലെ ഇലക്ട്രോണിക് വാച്ചിലേക്കു നോക്കി. ഇനി ഓക്സിജൻ അവശേഷിക്കുന്നത് കേവലം രണ്ടു മിനിട്ട് നേരത്തേക്കു മാത്രം. അതിനുള്ളിൽ ഞങ്ങൾ മൂന്നുപേരും കടലിന്റെ അടിത്തട്ടിൽനിന്ന് നീന്തിയുയർന്ന് ഉപരിതല ത്തിലെത്തണം.പക്ഷേ, ഗുഹയ്ക്ക് പുറത്തേക്കിറങ്ങാൻ ഒരു വഴിയുമില്ല. വിധിയുടെ തിമിംഗലം വിഴുങ്ങിയ മൂന്നു മനുഷ്യജീവനുകളെപ്പോലെയായി ഞങ്ങൾ.
ശശീന്ദ്രൻ എന്റെ അരയിലെ ബെൽറ്റിൽനിന്ന് പ്ലാസ്റ്റിക് വടം അഴിച്ചു മാറ്റാൻ ശ്രമിച്ചു. പക്ഷേ, വടം പുറത്തേക്കു വലിഞ്ഞുകൊണ്ടിരുന്നതിനാൽ എന്റെ പിറകിലെ കെട്ടിൽ

പിടിക്കാൻപോലും അയാൾക്കു സാധിക്കുന്നില്ല. ശശീന്ദ്രൻ തിരിഞ്ഞുനീന്തി. പുറ്റുകളുടെ ഭാഗത്ത് ഉപേക്ഷിച്ച കത്തിയെടുത്ത് എന്റെ അരികിലേക്ക് കുതിച്ചുവന്നു. വടം മുറിച്ചുകളഞ്ഞാൽ മാത്രമേ ഗുഹാമുഖത്തുനിന്ന് എന്റെ ശരീരത്തെ മാറ്റാ നൊക്കുയെന്ന് അയാൾക്കു ബോധ്യമായിക്കാണണം. അങ്ങനെമാത്രമേ ഗുഹാമുഖത്തുകൂടെ പുറത്തേക്കു കടന്ന് കടലിന്റെ ഉപരിതലത്തിലേക്ക് ഓക്സിജൻ തീരുംമുമ്പ് നീന്തിയുയരാൻകഴിയൂ. സുനാമിയിൽ നശിച്ച ശാപഗ്രസ്തമായ ലെമൂറിയായുടെ അവശിഷ്ടങ്ങളിൽനിന്ന് രക്ഷപ്രാപിക്കാൻ കഴിയൂ. ഞാൻ ശശീന്ദ്രന്റെ ഓക്സിജൻ സിലിണ്ടർകൂടി പിടിച്ച് അയാളെ സഹായിച്ചു. നിമിഷങ്ങൾ പാഞ്ഞുപോകുകയാണ്.

രഘു തന്റെ ഓക്സിജൻ സിലിണ്ടർ കക്ഷത്തിൽ ഇറുക്കിപ്പിടിച്ച് ഇരുകൈ കളും കൂപ്പി. അയാൾ പ്രാർത്ഥിക്കുകയാണെന്നു തോന്നി. രഘുവിന്റെ മറ്റൊരു പേര് ചാർളി എന്നായിരുന്നു. അയാളുടെ പ്രാർത്ഥന കണ്ടപ്പോൾ തിമിംഗലം വിഴുങ്ങിയ യോനായെ ഞാൻ ഓർത്തു.
കടലിനടിത്തട്ടിൽ മൂന്നു പകലും രാവും തിമിംഗലത്തിനുള്ളിൽ കഴിഞ്ഞ യോനായുടെ പ്രാർത്ഥന എന്റെ കാതുകളിൽ മുഴങ്ങി.

സമുദ്രം എന്നെ വലയം ചെയ്തിരിക്കുന്നു. ആഴി എന്നെ ചുറ്റിയിരി ക്കുന്നു. പായൽ എന്റെ തല വരിഞ്ഞുമുറുക്കിയിരിക്കുന്നു. പർവ്വതങ്ങൾ വേരു പാകിയിരിക്കുന്ന സമുദ്രത്തിന്റെ അടിത്തട്ടിലേക്കു ഞാൻ ഇറങ്ങിച്ചെന്നു. അതിന്റെ ഓടാമ്പലുകൾ എന്നെ എന്നേക്കുമായി അടച്ചുപൂട്ടി. എങ്കിലും എന്റെ ദൈവമായ കർത്താവേ, അങ്ങ് എന്റെ ജീവനെ പാതാളത്തിൽ നിന്നും പൊക്കി യെടുത്തു........

ഇതും ഒരു കഥയായി മാറിയേക്കാം...........
ഭൂതകാലത്തിന്റെ അടിത്തട്ടിൽനിന്ന് ചരിത്രത്തിന്റെ ഉപരിതലത്തിലേക്ക് അതിവേഗം തുഴഞ്ഞുയരുമ്പോൾ കേട്ടറിഞ്ഞതും കണ്ടറിഞ്ഞതുമെല്ലാം കഥയായി മാറിയേക്കാം. ഏതോ ഒരു ചിത്ര ജോസഫ് പറഞ്ഞ കഥ. അല്ലെങ്കിൽ പറയാതെ പോയ കഥ.
***********

**-സാബു ശങ്കർ / www.google.com/SABU SANKAR**